അളവിൽ ജലം ലഭിക്കുന്നുണ്ട് എന്നണ് കണക്കാക്കപ്പടുന്നത്. 84.8% നഗരവാസികളും 68.55% ഗ്രാമവാസികളും ഉൾപ്പെടെ 73% ജനങ്ങൾക്ക് വിവിധ പദ്ധതികൾ മുഖേന ഇതുവരെ ശുദ്ധജലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(സി) പൈപ്പു വെള്ളത്തെ മാത്രം ആശ്രയിക്കുന്ന ജനങ്ങൾ മറ്റുള്ള ആവശ്യങ്ങൾക്കും കൂടിവെള്ളം ഉപയോഗിക്കുന്നു എന്നുള്ള കാര്യം വാസ്തവമാണ്. പക്ഷേ ഇത് സംബന്ധിച്ച പഠനമൊന്നും നടത്തിയിട്ടില്ല.

(ഡി) വിശദമായ പഠനം നടത്തിയിട്ടില്ല.

(ഇ) പരിഗണനയിലില്ല. വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ പലതിന്റെയും ഉറവിടം ഉപരിതല സ്രോതസ്സുകളാണ്.

(എഫ്) ആയിരം ലിറ്റർ ജലം പൂർണ്ണമായും ശുദ്ധീകരിച്ച് വിതരണം ചെയ്യുമ്പോൾ അതോറിറ്റിക്ക് ശരാശരി 11.12 രൂപ ചിലവാകും എന്ന് കണക്കാക്കുന്നു.

(ജി) ഗുണനിലവാരമുള്ള കുപ്പിവെള്ളം ന്യായവിലയ്ക്ക് നൽകുന്നതിനായി അതോറിറ്റി മണിക്കൂറിൽ 7500 ലിറ്റർ ശേഷിയുള്ള കുപ്പിവെള്ള പ്ലാന്റ് അരുവിക്കരയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അരുവിക്കരയിലെ ശുദ്ധീകരണശാലയിൽ നിന്നും എടുക്കുന്ന ജലം വിവിധതരം ഫിൽറ്ററുകളിലൂടെ കടത്തിവിട്ട ശേഷം അൾട്രാവയ്‌ലറ്റ് സ്റ്റെറിലൈസേഷൻ ഓസോൺ അണുനശീകരണവും നടത്തി വിപണനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഉത്പാദനം ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

നഗര ജല വിതരണ പദ്ധതി

80 (2179) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദീർഘകാലമായി പണി നടക്കുന്ന ഏതൊക്കെ നഗര വിതരണ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത് ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കാനാകും ;

(സി) നഗരജലവിതരണ പദ്ധതികൾക്കായി ഈ സർക്കാർ ഇതുവരെ ആകെ എന്തു തുകയാണ് ചിലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് ഈ പദ്ധതികൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിന് ഇനിയും ആകെ എന്തു തുക ചെലവിടേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതുമൂലം ആകെ എന്തു തുക അധികച്ചെലവ് വേണ്ടി വരുമെന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയ്ക്കും സമീപപഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിപുലീകരണ പദ്ധതിയുടെ ശേഷിക്കുന്ന ജോലികൾ. പാലക്കാട് ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ടാം ഘട്ടം, മഞ്ചേശ്വരം സിറ്റിയിലേക്കുള്ള പദ്ധതി.

(സി) 1009.17 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.

(ഡി) 870.93 കോടി രൂപ

(ഇ) ഏകദേശം 23.31 കോടി രൂപ അധികചെലവ് പ്രതീക്ഷിക്കുന്നു.

ജലവിതരണ പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

81 (2180) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെമൺ ബ്രിട്ടോ റോഡ്രിഗ്സ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലപ്പഴക്കം കൊണ്ട് പൈപ്പുകൾ നിരന്തരമായി പൊട്ടുന്നു ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണത്തിനും പൈപ്പുകൾ മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഏതെല്ലാം ജലവിതരണ പദ്ധതികളിലാണ് ഇപ്പോൾ പണികൾ നടക്കുന്നത് ;

(സി) പുതുതായി സ്ഥാപിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമീണ മേഖലയിലെ ശുദ്ധജല വിതരണ പദ്ധതികൾ

82 (2181) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ മേഖലയിലെ ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly